## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3070 11.12.2014-ൽ മറുപടിയ്ക്ക്

## റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള കർഷകർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | റാന്നി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ള എത്ര കർഷകർ ബാക്കിയുണ്ട് എന്നും .എത്ര ഹെക്ടർ സ്ഥലത്തിനു ഇത്തരത്തിൽ പട്ടയം നൽകാനുണ്ട് എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | റാന്നി താലൂക്കിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ താഴെപ്പറയും പ്രകാരം കൈവശഭൂമിക്ക് പട്ടയം നൽകാനായി ഉണ്ട്. |

| പഞ്ചായത്ത് | കൈവശങ്ങളുടെ എണ്ണം | വിസ്തീർണ്ണം (H) |
|---|---|---|
| പെരുനാട് | 730 | 283.00.00 |
| നാറാണംമൂഴി | 579 | 163.06.34 |
| വെച്ചൂച്ചിറ | 490 | 177.00.22 |
| പഴവങ്ങാടി | 254 | 33.42.06 |
| വടശ്ശേരിക്കര | 54 | 15.00.00 |

| | ചോദ്യം | മറുപടി |
|---|---|---|
| (ബി) | താലൂക്കിൽ പട്ടയം ലഭിക്കാനുള്ളവരിൽ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം കൃഷിഭൂമി ലഭിച്ചവർ ഏതൊക്കെ വില്ലേജുകളിൽ ഉണ്ടെന്നും, ഇത്തരക്കാരിൽ എത്ര പേർക്ക് പട്ടയം ലഭിക്കാനുണ്ടെന്നും ആകെ എത്ര ഹെക്ടർ സ്ഥലമാണ് ഇത്തരത്തിൽ പട്ടയം ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ; | റാന്നി താലൂക്കിൽ ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം കൊല്ലമുള വില്ലേജിൽ (പെരുനാട് ഗ്രാമ പഞ്ചായത്ത്- പമ്പാവാലി) 290 കൈവശങ്ങളിലായി 69.00.00 ഹെക്ടർ സ്ഥലത്തിന് പട്ടയം ലഭിക്കാനുണ്ട്. |
| (സി) | അത്തിക്കയം, തെക്കേത്തോട്ടി, ചൂരക്കുഴി പ്രദേശങ്ങളിലെ കർഷകരുടെ പട്ടയ പ്രശ്നം പരിഹരിക്കാൻ നടപടിയായിട്ടുണ്ടോ; | റാന്നി താലൂക്കിലെ അത്തിക്കയം-തെക്കേതൊടി, ചൂരക്കുഴി പ്രദേശങ്ങളിലെ പട്ടയ പ്രശ്നം പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (ഡി) | ചൂരക്കുഴിഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദുചെയ്തിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദുചെയ്തത്; ഇതിന്റെ കാരണം വ്യക്തമാക്കാമോ? | ചൂരക്കുഴി ഭാഗത്ത് നേരത്തെ കരം അടച്ചിരുന്ന ഭൂമിയുടെ കരം അടവ് റദ്ദ് ചെയ്തിട്ടുണ്ട്. 88 കുടുംബങ്ങളുടെ കരം അടവാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. പട്ടയം ലഭിച്ചിട്ടുള്ളവർ പതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായി കൈമാറ്റം ചെയ്തതിനാൽ കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 06.08.1981ലെ 20335/സി2/81/ആർ.ഡി നമ്പർ സർക്കാർ കത്തിലെ നിർദ്ദേശാനുസരണം തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസർ 25.05.2012ലെ 5711/11/ബി1 ഉത്തരവ് പ്രകാരമാണ് പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളത്. |
| (ഇ) | ചൂരക്കുഴിയിലെ കൈവശ കർഷകരുടെ റദ്ദ് ചെയ്ത കരമടവ് പുനസ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; കരമടവ് പുന:സ്ഥാപിക്കാൻ വേണ്ടി വരുന്ന കാലയളവ് വ്യക്തമാക്കാമോ? | നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടയത്തിനുള്ള അപേക്ഷ സ്വീകരിച്ച്, കൈവശം അളന്ന് തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കി. 224 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ